# 1. എഴുത്തുകാരന്റെ സ്വാതന്ത്ര്യം

ജവാഹർലാൽ നെഹ്റുവിന്റെ ജന്മശതവാർഷികവും ഫ്രഞ്ച് വിപ്ലവത്തിന്റെ ദ്വിശതവാർഷികവും അനുസ്മരിക്കുന്നതിനുവേണ്ടി 'എഴുത്തുകാരന്റെ സ്വാതന്ത്ര്യം' എന്ന വിഷയത്തെ ആധാരമാക്കി ഒരു അന്താരാഷ്ട്രീയ സെമിനാർ 1989 ഫെബ്രുവരി 22 മുതൽ 25 വരെ നാലു ദിവസങ്ങളിൽ കേന്ദ്ര സാഹിത്യ അക്കാദമി ദില്ലിയിൽ സംഘടിപ്പിക്കുകയുണ്ടായി. ഈയിടെ ഒറീസ്സയിലെ ഗവർണറായി നിയമിക്കപ്പെട്ട പ്രൊഫ. നൂറുൽ ഹസ്സൻ ഉദ്ഘാടനംചെയ്ത ഈ സെമിനാറിൽ സാഹിത്യകാരന്മാരെന്ന നിലയിലും പത്രപ്രവർത്തകരെന്ന നിലയിലും ഖ്യാതി നേടിയ, ഇന്ത്യക്കാരും വിദേശീയരുമായ മുപ്പതോളം ബുദ്ധിജീവികൾ പങ്കെടുത്തു സംസാരിച്ചു.

ആധുനിക ലോകത്തിലെ ഏററവും മുഖ്യമായ ഭരണസമ്പ്രദായവും ജീവിതസമ്പ്രദായവും ജനാധിപത്യമാണല്ലോ. ജനാധിപത്യത്തെപ്പററി വ്യാപകമായ ബോധം ഉളവാക്കുന്നതിന് ഉപകരിച്ച ഫ്രഞ്ച് വിപ്ലവം പിൽക്കാലത്തെ ലോകരാഷ്ട്രീയചിന്താഗതിയെ മൗലികമായി സ്വാധീനിക്കുകയുണ്ടായി. ഫ്രഞ്ച് വിപ്ളവത്തിൽനിന്ന് ഉത്ഭവിച്ച സാമൂഹ്യ ദർശനത്തിന്റെ പ്രയോഗത്തിലും വിപുലീകരണത്തിലും ജവാഹർലാൽ നെഹ്റു വഹിച്ച പങ്ക് നിസ്തുല്യമായിരുന്നു. പൗരന്റെ ജനാധിപത്യ സ്വാതന്ത്ര്യത്തിന്റെ സുപ്രധാന ഘടകമാണ് എഴുത്തുകാരന്റെ ആശയാവിഷ്കരണസ്വാതന്ത്ര്യമെന്ന് ജവാഹർലാൽ നെഹ്റു ഉറച്ചു വിശ്വസിച്ചു. പോലീസ് സെൻസർഷിപ്പ് ചുമത്തുന്നതിനും പുസ്തകങ്ങളും പത്രങ്ങളും നിരോധിക്കുന്നതിനും താൻ എതിരാണെന്ന് 1937-ൽ തന്നെ നെഹ്റു പ്രഖ്യാപിച്ചിരുന്നു. കേന്ദ്ര സാഹിത്യ അക്കാദമിയുടെ സ്ഥാപക അധ്യക്ഷനായിരുന്ന നെഹ്റുവിന്റെ ആഗ്രഹം, സ്വാതന്ത്ര്യത്തിന്റേതായ ചുററുപാടിലായിരിക്കണം അക്കാദമിയുടെ പ്രവർത്തനമെന്നായിരുന്നു. അതിനാൽ, നെഹ്റുവിന്റെ ജന്മശതവാർഷികത്തേയും ഫ്രഞ്ച് വിപ്ളവത്തിന്റെ ദ്വിശതവാർഷികത്തേയും ഒരേസമയം അനുസ്മരിക്കുന്നതിന് സാഹിത്യ അക്കാദമി നടത്തിയ ഒരു സെമിനാറിൽ എഴുത്തുകാരന്റെ സ്വാതന്ത്ര്യം ചർച്ചാവിഷയമാക്കിയതു് തികച്ചും ഉചിതമായി.

നിയതികൃതനിയമരഹിതവും അനന്യപരതന്ത്രവുമാവണം സാഹിത്യമെന്ന ആദർശത്തിന് ശതാബ്ദങ്ങളുടെ പഴക്കമുണ്ടെങ്കിലും, ഫലത്തിൽ സാഹിത്യം പല നിയന്ത്രണങ്ങൾക്കും വിധേയമാകുന്നു. എഴുത്തുകാരന്റെ ജീവിതദർശനത്തെ രൂപപ്പെടുത്തിയ സമൂഹവും, വിദ്യാഭ്യാസവും, സൗന്ദര്യത്തേയും സദാചാരത്തേയും ആദർശസാമൂഹ്യ വ്യവസ്ഥിതിയേയും കുറിച്ചുള്ള എഴുത്തുകാരന്റെ ധാരണകളും അയാളുടെ ഉള്ളിന്നുള്ളിൽ ഇരുന്ന് സാഹിത്യരചനയ്ക്കുമേൽ അപ്രത്യക്ഷങ്ങളായ നിയന്ത്രണങ്ങൾ ചുമത്തുന്നു. എഴുത്തുകാരൻ ജീവിതത്തിൽനിന്നു നേരിട്ടോ മുഖാന്തരങ്ങളിലൂടെയോ ഉൾക്കൊണ്ട അനുഭവം, ഭാവനകൊണ്ട് സമ്പുഷ്ടവും വിചിന്തനംകൊണ്ട് ക്രമബദ്ധവുമായി, മൂർത്തരൂപം കൈക്കൊണ്ട് ഭാഷയുടെ ഒരു അനുസ്യൂതപ്രവാഹമായി അവതരിക്കുന്നതിന് ഇത്തരം ചില

ആന്തര നിയന്ത്രണങ്ങൾ അനുപേക്ഷണീയങ്ങളാണുതാനും. എന്നാൽ, എഴുത്തുകാരന്റെ ആശയങ്ങൾക്ക് ഇതരസംവേദ്യമായ രൂപം നൽകുന്നതിൽ സഹായിക്കുക എന്ന നിലവിട്ട്, ആശയങ്ങളെ ഒടിച്ചും ചതച്ചും വിരൂപങ്ങളാക്കുന്നതിലും, ആശയങ്ങളുടെ സ്വാഭാവികവും നിരന്തരവുമായ ദളവികസനത്തിന് തടസ്സം സൃഷ്ടിക്കുന്നതിലും പര്യവസാനിക്കുമ്പോൾ, ഇത്തരം ആന്തരനിയന്ത്രണങ്ങൾക്കെതിരെ എഴുത്തുകാരൻ കലാപമുയർത്തേണ്ടിവരുന്നു. സാഹിത്യം അടക്കമുള്ള കലകളിൽ കൂടെക്കൂടെ പുതിയ പ്രസ്ഥാനങ്ങൾ ആവിർഭവിക്കുന്നതിനുള്ള വിശദീകരണം ഇതാകുന്നു. കലകളുടെ നിത്യനൂതനത നിലനിർത്തുന്നതിനു നിരന്തരമായ ബോധനവീകരണം കൂടിയേ കഴിയൂ.

എഴുത്തുകാരന്റെ ഉള്ളിൽനിന്നുതന്നെ ഉയർന്നുവരുന്ന ഇത്തരം സൂക്ഷ്മനിയന്ത്രണങ്ങൾ കൂടാതെ, സമൂഹം പുറമെനിന്നു ചുമത്തുന്ന, കൂടുതൽ കർശനങ്ങളും സ്ഥൂലങ്ങളുമായ, മറെറാരു കൂട്ടം നിയന്ത്രണങ്ങളും സാഹിത്യരചനയ്ക്കു മേൽ സമ്മർദം ചെലുത്തുന്നുണ്ട്. എഴുതുന്നതു വായിക്കപ്പെടാൻ വേണ്ടിയാണല്ലോ. തങ്ങൾക്കു താല്പര്യമുള്ള കാര്യങ്ങളെപ്പററി, തങ്ങൾ ഇഷ്ടപ്പെടുന്ന ശൈലിയിൽ എഴുതുന്ന സാഹിത്യകാരനെ പ്രോത്സാഹിപ്പിക്കാനും, അങ്ങനെയല്ലാത്ത സാഹിത്യകാരനെ വർജിക്കാനും വായനക്കാർക്കു സ്വാതന്ത്ര്യമുണ്ട്. വർജനം ഉദാസീനമാവാം; രൂക്ഷമായ വിമർശനത്തിന്റെ സക്രിയ രൂപത്തിലുമാവാം. ഏകാന്തതയിൽ എഴുത്തുകാരൻ തന്നോടുതന്നെ സംവദിക്കുന്ന പ്രക്രിയയാണ് എഴുത്ത്. ആ നിലയിൽ അതു് എഴുത്തുകാരന്റെ 'സ്വന്തം കാര്യം' ആണ്. പക്ഷേ, എഴുതിയതു പ്രസിദ്ധീകരിക്കുമ്പോൾ സാഹിത്യകാരൻ ഒരു പൊതുക്കാര്യം നിർവഹിക്കുകയാണു ചെയ്യുന്നത്. പൊതുക്കാര്യത്തെ വിമർശിക്കാൻ ആർക്കും അധികാരമുണ്ട് എന്നതത്രെ ജനാധിപത്യത്തിന്റെ ഒരു അടിസ്ഥാന മര്യാദ. അതിനാൽ, തന്റെ ഏതെങ്കിലും രചനയെ അന്യർ പുകഴ്ത്തിയാൽ അതിൽ ആഹ്ലാദിക്കാനോ ഇകഴ്ത്തിയാൽ അതിൽ ഖേദിക്കാനോ എഴുത്തുകാരന് അവകാശമില്ല.

വായനക്കാർ സക്രിയമായോ ഉദാസീനമായോ നിർവഹിക്കുന്ന പ്രോത്സാഹനവും വർജനവും എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തെ ഏറിയോ കുറഞ്ഞോ ബാധിക്കാതിരിക്കുകയില്ല. തന്റെ കൃതികൾ സമൂഹത്തിന്റെ മുമ്പിൽ സമർപ്പിക്കുന്നതിന് എഴുത്തുകാരനു ലഭ്യങ്ങളായ മാധ്യമങ്ങൾ അയാളിൽ ചുമത്തുന്ന നിയന്ത്രണങ്ങൾ കുറേക്കൂടി കർശനങ്ങളും സ്ഥൂലങ്ങളുമാണ്. പുസ്തകപ്രസിദ്ധീകരണശാലകൾ, ആനുകാലികങ്ങൾ, നാടകശാലകൾ, റേഡിയോ, ടെലിവിഷൻ, സിനിമ എന്നിവയുടെ നടത്തിപ്പുകാർ, പലപ്പോഴും തങ്ങളുടെ അഭീഷ്ടമനുസരിച്ചുള്ള വ്യത്യാസങ്ങൾ രചനകളിൽ വരുത്താൻ എഴുത്തുകാരനെ നിർബന്ധിക്കാറുണ്ട്. സർവോപരി, പല രാജ്യങ്ങളിലും എഴുത്തുകാരന്റെ മേൽ സർക്കാർ ചുമത്തുന്ന നിയന്ത്രണങ്ങൾ വളരെയാണ്. ഈ നിയന്ത്രണങ്ങൾ എത്രമാത്രം രൂക്ഷങ്ങളാകാമെന്ന്, അടിയന്തരാവസ്ഥക്കാലത്ത് ഇന്ത്യയിലെ എഴുത്തുകാർ അനുഭവിച്ചറിയുകയുണ്ടായി.

'വാദേ വാദേ ജായതേ തത്ത്വബോധഃ' എന്നാണ് പഴയ പ്രമാണമെങ്കിലും, സെമിനാറുകൾ പലപ്പോഴും ഉപകരിക്കാറുള്ളതു വസ്തുതകളെ വേർതിരിച്ചെടുത്തു ലളിതമാക്കി പ്രതിപാദിക്കാനല്ല, കാടും പടലും തല്ലി, പൊടി പറപ്പിച്ച് വസ്തുതകളെ കൂടുതൽ ദുർഗ്രഹങ്ങളാക്കാനാണ്. ഏതു സർഗാത്മക പ്രവർത്തനവും ആന്തരങ്ങളായ ചില നിയമങ്ങളുടെ നിയന്ത്രണങ്ങൾക്കു വിധേയമാണെന്നും, അങ്ങനെ ആയിരിക്കണമെന്നും, അതേ സമയം സ്വാതന്ത്ര്യത്തിന്റെ അന്തരീക്ഷത്തിൽ മാത്രമേ സർഗാത്മകപ്രവർത്തനത്തിനു വളരാൻ കഴിയൂ എന്നും സർഗാത്മകപ്രവർത്തനത്തിനുമേൽ നിയന്ത്രണങ്ങൾ ചുമത്തുന്നതിനു സമൂഹമോ ഭരണകൂടമോ ചെയ്ത പരിശ്രമങ്ങൾ എക്കാലത്തും നിഷ്ഫലങ്ങളായിട്ടേയുള്ളൂ എന്നും ഇത്തരം നിയന്ത്രണങ്ങൾകൊണ്ട് ഉണ്ടാകുന്ന ഏക ഫലം സർഗാത്മകപ്രവർത്തകരെ ഒരാവശ്യവുമില്ലാതെ പീഡിപ്പിക്കുക എന്നതു മാത്രമാണെന്നുമായിരുന്നു

പൊതുവേ ദില്ലി സെമിനാറിൽ ഉരുത്തിരിഞ്ഞുവന്ന ചിന്താഗതി. ഇതോടൊപ്പം എഴുതുന്നതു വായിക്കപ്പെടുന്നതിനു വേണ്ടിയാണെന്നും എഴുത്തുകാരനെന്നപോലെ വായനക്കാരനും ചില സ്വാതന്ത്ര്യങ്ങളുണ്ടെന്നും, വായനക്കാരുടെ സ്വാതന്ത്ര്യവും താല്പര്യങ്ങളും സംരക്ഷിക്കുന്നതിന്, അവരുടെ പ്രതിനിധി എന്ന നിലയിൽ, എഴുത്തുകാരുടെ മേൽ ചില നിയന്ത്രണങ്ങൾ സർക്കാരിനു ചുമത്തേണ്ടിവരുമെന്നും, ഇതു് അനിവാര്യമാണെന്നുമുള്ള ഒരു ന്യൂനപക്ഷചിന്താഗതിയും സെമിനാറിൽ ആവിഷ്കരിക്കപ്പെട്ടു.

ബ്രിട്ടീഷ് പൗരനായ സാൽമൻ റുഷ്ദി എന്ന് എഴുത്തുകാരന്റെ 'ചെകുത്താന്റെ കവിതകൾ' (സാററാനിക് വെഴ്സസ്) എന്ന നോവലിന്റെ പേര്, സെമിനാറിലെ ചർച്ചകൾക്കിടയിൽ, പലപ്പോഴും ഉയർന്നുകേട്ടു. ഇന്ത്യൻ പൈതൃകമുള്ള ഈ എഴുത്തുകാരനെ കൊല്ലുന്നവർക്കു വലിയ ഒരു തുക സമ്മാനവും സ്വർഗത്തിൽ ഒരു സ്ഥാനവും ഇറാൻ സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. മനുഷ്യത്വം സംബന്ധിച്ച പരിഷ്കൃതധാരണകൾക്കു നിരക്കാത്ത ഈ പ്രഖ്യാപനം അന്താരാഷ്ട്രീയ നിയമങ്ങളുടെ നഗ്നമായ ലംഘനംകൂടിയാണ്. എന്നിട്ടും ഇത്തരമൊരു പ്രഖ്യാപനം നടന്നുവെന്നതും, എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തെപ്പററി എയർകണ്ടീഷൻചെയ്ത ഹാളുകളിൽ ഇരുന്നു സൈദ്ധാന്തികമായി ചർച്ച ചെയ്യുന്നവർ മറന്നുകൂടാ. റുഷ്ദിയുടെ പുസ്തകം ഇന്ത്യയിൽ നിരോധിക്കപ്പെട്ടിരിക്കയാണ്. എന്നിട്ടും ആ പുസ്തകത്തെച്ചൊല്ലി ഇതിനകം കാശ്മീരിലും ബോംബെയിലും നടന്ന ലഹളകളിൽ വലിയ തോതിൽ ജീവനാശവും വസ്തുവകകൾക്കു നാശവും സംഭവിച്ചിട്ടുണ്ട്.

'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകത്തിന്റെ നിരോധം സംബന്ധിച്ച് 1987 ഏപ്രിലിൽ ഞാൻ എഴുതിയ ഒരു ലേഖനത്തിൽനിന്നു് ഏതാനും വരികൾ ഉദ്ധരിക്കുന്നതു് ഈ സന്ദർഭത്തിൽ പ്രസക്തമായിരിക്കും. അന്നു് ഞാൻ എഴുതി:

'സ്വതന്ത്രഭാരതത്തിൽ കലാകാരന്റെ സ്വാതന്ത്ര്യത്തിന്റെ സ്ഥിതി എന്താണ്?

'കലാകാരൻ പ്രത്യേകമായി ഏതെങ്കിലും തരത്തിലുള്ള സ്വാതന്ത്ര്യത്തിനു് അവകാശിയാണെന്നു് ഇന്ത്യൻ ഭരണഘടന അംഗീകരിക്കുന്നില്ല. എല്ലാ പൗരന്മാർക്കും സംസാരസ്വാതന്ത്ര്യത്തിനും ആശയപ്രകടനസ്വാതന്ത്ര്യത്തിനും, ഏതെങ്കിലും തൊഴിലിലോ ജീവനത്തിലോ ഏർപ്പെടാനും അവകാശം ഉണ്ടായിരിക്കുമെന്നു ഭരണഘടനയിലെ പത്തൊമ്പതാം വകുപ്പ് ഉറപ്പുനൽകുന്നു. ഇന്നത്തെ ഇന്ത്യയിൽ കലാകാരന്റെ ആശയാവിഷ്കാര സ്വാതന്ത്ര്യത്തിനുള്ള അവകാശം, എല്ലാ പൗരന്മാർക്കുമായി നൽകപ്പെട്ട ഈ ഉറപ്പിൽ അടങ്ങിയിരിക്കുന്നു.

'ഭരണഘടന പൗരന്മാർക്കു നൽകുന്ന ഈ അവകാശം കേവലമോ നിരുപാധികമോ അല്ല എന്നതാണു ശ്രദ്ധിക്കേണ്ട മറെറാരു വസ്തുത. ഭാരതത്തിന്റെ പരമാധികാരം, അഖണ്ഡത എന്നിവയുടെയോ, രാഷ്ട്രത്തിന്റെ സുരക്ഷിതത്വത്തിന്റെയോ വിദേശ രാഷ്ട്രങ്ങളുമായുള്ള സുഹൃദ്ബന്ധങ്ങളുടെയോ പൊതുസമാധാനത്തിന്റെയോ സഭ്യതയുടെയോ സാന്മാർഗികതയുടെയോ താല്പര്യങ്ങൾക്കുവേണ്ടിയും, കോർട്ടലക്ഷ്യം, അപകീർത്തി, കുററത്തിനുള്ള പ്രേരണ എന്നിവ സംബന്ധിച്ചും, ന്യായമായ നിയന്ത്രണങ്ങൾ പൗരരുടെ സംസാര സ്വാതന്ത്ര്യത്തിനും ആശയപ്രകടനസ്വാതന്ത്ര്യത്തിനും മേൽ സർക്കാരിനു ചുമത്താവുന്നതാണ്. അത്തരം നിയന്ത്രണങ്ങൾ ചുമത്തുന്നതിനു് ആവശ്യമായ നിയമങ്ങൾ നിർമിക്കാൻ സർക്കാരിനു് അവകാശമുണ്ടു് എന്നു ഭരണഘടനയിലെ പത്തൊമ്പതാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പു പ്രസ്താവിക്കുന്നു.

'ഈ ഉപവകുപ്പു കലാകാരന്റെ ആശയാവിഷ്കരണ സ്വാതന്ത്ര്യത്തെ ബാധിക്കുമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. അതായതു്, പൊതുസമാധാനത്തിനു ഭംഗമുണ്ടാകുംവിധത്തിൽ കലാകാരൻ ആശയാവിഷ്കാരസ്വാതന്ത്ര്യം ഉപയോഗപ്പെടുത്തുന്നതിനു ഭരണഘടനയുടെ അംഗീകാരം ഇല്ല.... 'പൊതുസമാധാനത്തി

ന്റെ താല്പര്യം' എന്തെന്ന തീരുമാനിക്കേണ്ടതു് അതതു പ്രദേശത്തു പൊതു സമാധാനത്തിനു് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനാകുന്നു. ഈ ഉദ്യോഗസ്ഥന്റെ തീരുമാനം തെററന്നു് ആക്ഷേപമുള്ളവർക്കു് ആ തെററു തിരുത്തിക്കിട്ടുന്നതിനായി കോടതികളെ ശരണം പ്രാപിക്കാം.

'മതത്തിന്റെ പേരിൽ വ്യത്യസ്ത ജനവിഭാഗങ്ങൾക്കിടയിൽ വൈമനസ്യവും സംഘർഷവും വളർത്താനിടവരുത്തുന്ന ഒന്നും തീരെ അനുപേക്ഷണീയമല്ലെങ്കിൽ ചെയ്യാതിരിക്കുകയാണ സാമാന്യബുദ്ധിയുള്ള ഇന്ത്യൻ പൗരന്റെ ഇന്നത്തെ കർത്തവ്യം. ആശയമണ്ഡലത്തിൽ പ്രവർത്തിക്കുന്നവരും അക്കാരണത്താൽ ത്തന്നെ സാധാരണ പൗരരെക്കാൾ കൂടുതൽ സാമൂഹ്യമായ ഉത്തരവാദിത്തം ഉൾക്കൊള്ളേണ്ടവരുമായ കലാകാരന്മാരുടെ കർത്തവ്യമാകട്ടെ, മതപരമായ കലഹങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി പരമാവധി പ്രയത്നിക്കുക എന്നതുകൂടിയാണ്. കലാപരങ്ങളായ പ്രവർത്തനങ്ങൾ ഒരിക്കലും മതസംഘർഷത്തിനു കാരണമായിക്കൂടാ. മതസംഘർഷം ഒഴിവാക്കുന്നതിനും മതസൗഹാർദം പുഷ്ടിപ്പെടുത്തുന്നതിനുമായി സ്വന്തം ആശയാവിഷ്കാരസ്വാതന്ത്ര്യത്തിനുമേൽ ആവശ്യമായ നിയന്ത്രണങ്ങൾ സ്വമേധയാ ചുമത്തുന്നതിൽ ഇന്നത്തെ ഇന്ത്യയിലെ കലാകാരനു സന്തോഷമേ ഉണ്ടായിക്കൂടൂ.'

## 2. പത്രസ്വാതന്ത്ര്യത്തിനു് ഒരു ഭീഷണി

സംഭാഷണസ്വാതന്ത്ര്യവും ആശയപ്രകടനസ്വാതന്ത്ര്യവും പൗരന്മാരുടെ മൗലികാവകാശങ്ങളാണെന്ന നമ്മുടെ ഭരണഘടന പ്രഖ്യാപിക്കുന്നു. പത്രങ്ങൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവയാണ പൗരന്മാർക്കു് ആശയപ്രകടനത്തിനുള്ള പ്രധാനപ്പെട്ട ഉപാധികൾ. ഇവയുടെ മുദ്രണത്തിലും പ്രസിദ്ധീകരണത്തിലും ഒരു തരത്തിലുള്ള നിയന്ത്രണവും സർക്കാർ ചുമത്താതിരിക്കുമ്പോൾ മാത്രമെ പൂർണമായ ആശയപ്രകടനസ്വാതന്ത്ര്യം പൗരന്മാർക്കു കൈവരികയുള്ളൂ.

പക്ഷേ, പൂർണമായ സ്വാതന്ത്ര്യം പലപ്പോഴും പൂർണമായ അരാജകത്വം കൂടിയായിരിക്കും. ഒരു പൗരന്റെ സ്വാതന്ത്ര്യം മററാരു പൗരന്റെ സ്വാതന്ത്ര്യത്തിനു വിഘാതമാകാതിരിക്കുന്നതിനുവേണ്ടി ഏതു സ്വാതന്ത്ര്യത്തിനുംമേൽ നിയന്ത്രണങ്ങൾ ചുമത്തേണ്ട ബാദ്ധ്യത സർക്കാരിനുണ്ടു്. നിയന്ത്രണങ്ങൾ യുക്തിസംഗതങ്ങളും, തികച്ചും നിയമാനുസൃതങ്ങളും, അതാതുകാലത്തു് അധികാരം വഹിക്കുന്ന വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങൾക്കു വഴങ്ങിക്കൊടുക്കാത്തവയും ആയിരിക്കണമെന്നേയുള്ളൂ.

ഇന്ത്യയിൽ പത്രങ്ങൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ മുദ്രണത്തിലും പ്രസിദ്ധീകരണത്തിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനു് ബ്രിട്ടീഷ് ഗവൺമെൻറ് ആദ്യമായി ഒരു നിയമം ഉണ്ടാക്കിയതു് 1867-ാമാണ്ടിലായിരുന്നു. 'പ്രസ് ആൻഡ് രജിസ്ട്രേഷൻ ഓഫ് ബുക്സ് ആക്ട്'' എന്നറിയപ്പെടുന്ന ഈ നിയമത്തിനു പിന്നീടു് ഇരുപത്തിരണ്ടു തവണ ഭേദഗതികൾ കൊണ്ടുവരികയുണ്ടായി. ഇരുപത്തിമൂന്നാമത്തെ ഭേദഗതി ഇക്കഴിഞ്ഞ 1988 ഡിസംബർ 5-ാം തീയതി മന്ത്രി എച്ച്. കെ. എൽ. ഭഗത്ത് രാജ്യസഭയിൽ അവതരിപ്പിച്ചു. ഇനിയും നിയമമായിക്കഴിഞ്ഞിട്ടില്ലാത്ത ഈ ഭേദഗതി ബില്ലിനു പല ഭാഗങ്ങളിൽനിന്നും എതിർപ്പുകൾ ഉയർന്നുവന്നിട്ടുണ്ടു്. ജനാധിപത്യത്തിൽ പൊതുവെയും ഗ്രന്ഥനിർമാണത്തിലും പത്രപ്രവർത്തനത്തിലും പ്രത്യേകിച്ചും താല്പര്യമുള്ളവർ നിലവിലുള്ള നിയമത്തെയും അതിനു് ഇപ്പോൾ നിർദേശിക്കപ്പെട്ട ഭേദഗതികളെയും സമഗ്രമായി പഠിച്ചു വിലയിരുത്തേണ്ട സമയമാണിതു്.